ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ പൂവാർ-ബീച്ച് റോഡിൽ (വിഴിഞ്ഞം-പൂവാർ റോഡ്) പൂവാർ ജംഗഷനിൽനിന്നും ഇപ്പോഴത്തെ പോലീസ് സ്റ്റേഷൻവരെ പഴയ പി. ഡബ്ല്യു. ഡി. റോഡ് കഴിച്ച് ഉദ്ദേശം 30 സെൻറ് പുറംപോക്കു ഭൂമിയുണ്ട്.

(ബി) ഭൂമി മുഴുവൻ സർക്കാരിൻറെ അധീനതയിലാണ്.

(സി) ബി വിഭാഗത്തിൻറെ ഉത്തരം കാണുക.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) മുഴുവൻ പുറംപോക്കു ഭൂമിയും ഉൾപ്പെടുത്തിയാണ് റീസെറ്റിൽമെൻറ് വാഹം കെട്ടിയിട്ടുള്ളത്.

വച്ചാക്കാവ്-തഴവാ റോഡ്

1189 [1901] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി ബി ആൻറ് ആർ. സബ് ഡിവിഷനിൽപ്പെട്ട വച്ചാക്കാവ്-തഴവാ റോഡ് പി. ഡബ്ല്യു. ഡി. ഏറെടുത്തതെന്നാണ്;

(ബി) അത് ടെൻഡർ ചെയ്തതെന്നാണ്;

(സി) വർഷങ്ങൾ പലതുകഴിഞ്ഞിട്ടും അതിൻറെ പണി ഇന്നുവരെ തുടങ്ങിയിട്ടില്ലെന്നും പ്രസ്തുത റോഡ് സഞ്ചാരയോഗ്യമല്ലെന്നുമുള്ള വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റോഡിൻറെ പണി എത്രയും വേഗം തുടങ്ങുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 11-12-1975-ൽ ടെൻഡർ ചെയ്തു.

(സി) കരാറുകാരൻ പണി താമസിപ്പിക്കുകയും പൂർത്തിയാക്കാതിരിക്കുകയുമാണുണ്ടായത്.

(ഡി) പണി വേഗം തീർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരനു അവസാനനോട്ടീസ് അയച്ചുകഴിഞ്ഞു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുളക്കുളം-പാലച്ചുവടി റോഡ്

1190 [1902] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യത്തിനു മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

പിറവം പഞ്ചായത്തിൽപ്പെട്ട മുളക്കുളം-പാലച്ചുവടി റോഡ് പി. ഡബ്ല്യു. ഡി. ഏറെടുത്തിട്ട് അതിൻറെ പണികൾ ആരംഭിക്കാത്തതിൻറെ കാരണം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ റോഡ് പി. ഡബ്ല്യൂ. ഡി ഏറ്റെടുത്തിട്ടില്ല.

പിറവം റെസ്റ്റ് ഹൗസ്

1191 [1903] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവത്ത് പി. ഡബ്ലിയു. ഡി. റെസ്റ്റ്ഹൗസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിക്രമം സ്വീകരിച്ചു?

ഉത്തരം

വരും വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തി കൊള്ളിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

വൈപ്പിൻ തീരദേശ റോഡ്

1192 [1904] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ തീരദേശ റോഡിന്റെ നിർമ്മാണ പുരോഗതി എന്തെന്നു വ്യക്തമാക്കുമോ;

(ബി) ഈ റോഡുനിർമ്മാണത്തിനു എത്ര സംഖ്യ ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) എത്ര സംഖ്യ ഇതിനകം ചെലവു ചെയ്തിട്ടുണ്ട്;

(ഡി) റോഡുപണി എന്നത്തേക്ക് പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നു പറയാമോ?

ഉത്തരം

(എ) വൈപ്പിൻ തീരദേശ റോഡ് എന്ന പേരിൽ ഒരു റോഡ് നിർമ്മിക്കാനുള്ള യാതൊരു നിർദ്ദേശവും ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലില്ല.

(ബി, സി, & ഡി) (എ)-വിഭാഗത്തിനു നൽകിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

തിരുവനന്തപുരം-തൈക്കാട് ആശുപത്രി റോഡ്

1193 [1905] ശ്രീ. എൻ. കിട്ടപ്പ നാരായണസ്വാമി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പട്ടണത്തിന്റെ മദ്ധ്യഭാഗത്തു സ്ഥിതി ചെയ്യുന്ന തൈക്കാട് സ്ത്രീകൾക്കായുള്ള ആശുപത്രിയിലെ പ്രസവ വാർഡിലേക്കുള്ള റോഡ് വളരെ മോശമായ അവസ്ഥയിലാണെന്നുള്ള കാര്യം ഗവൺമെന്റിനു അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly